# ആ മഹായോഗി ഇനിയില്ല

വി.ആർ. രഞ്ജിത്ത്

അടഞ്ഞവാതിലുകൾക്കിടയിൽ തുറന്ന മനസ്സുമായി ജീവിച്ച ജോൺസി എല്ലാം കയ്യൊഴിഞ്ഞ് ഇവിടെനിന്ന് യാത്രപിരിഞ്ഞു. ജീവിതയാത്രയിൽ ഓരോന്നായി കയ്യൊഴിഞ്ഞ ആ മഹാതപസ്വി ഈ സംസാരലോകത്തോട് എന്നെന്നേക്കുമായി വിടപറഞ്ഞു. ജീവിതം മുഴുവൻ ഏറെ ചോദ്യങ്ങളുന്നയിച്ചുകൊണ്ട് യുവത്വത്തെ ഏറെ ഇഷ്ടപ്പെട്ട ജോൺസി തത്വചിന്തകനായിരുന്ന സോക്രട്ടീസിന് സമാനനായിരുന്നു. നിരന്തരം ചോദ്യങ്ങൾ ചോദിക്കുകയും പുൽക്കൊടിത്തുമ്പിൽ പോലും ആത്മാവിനെ ദർശിക്കുകയും ചെയ്ത ജോൺസിയുടെ ജീവിതം ഒരന്വേഷണമായിരുന്നു. ഹൃദയം നഷ്ടപ്പെട്ടവരുടെ ലോകത്ത് ആത്മാവിനെ തെരഞ്ഞ ജോൺസി, പുൽച്ചാടിയിലും പുൽക്കൊടിത്തുമ്പിൽപോലും ആത്മാവിനെ ദർശിക്കുകയും ചെയ്ത ജോൺസിയുടെ ജീവിതം, എത്രയെത്രപേർക്ക് പുതുജീവൻ നൽകി. സാന്ത്വനമേകുന്ന മനസ്സുമായി കേരളത്തിലങ്ങോളമിങ്ങോളം അലഞ്ഞ ജോൺസിക്ക് പാടവരമ്പത്തുള്ളവരും മന്ത്രിമന്ദിരങ്ങളും തുല്യമായിരുന്നു. ഒരുപക്ഷെ അധികം സന്തോഷം കണ്ടെത്തിയത് തനിക്കുവേണ്ടി കാത്തിരുന്ന കുടിലുകളിലാണ്. എല്ലാവർക്കും ഒരു ചോദ്യചിഹ്നമായി ശേഷിച്ച ജോൺസി തന്റെ എല്ലാമെല്ലാം എല്ലാവർക്കുമായി പങ്കുവെച്ചു. എന്നിട്ടും തൃപ്തരാകാത്തവർ ഇനിയും ജോൺസിയെ പങ്കുവെച്ചുകൂടെന്നില്ല! ജീവിതയാത്രയിൽ കടൽപ്പരപ്പിനെ ചുണ്ടിക്കൊണ്ട് അതിന്റെ അനന്തത ദർശിച്ച ജോൺസി അവിടെയുള്ള ചെറുജീവികളെയും മറന്നില്ല. തന്റെ ഇണയെ തേടിപ്പോകുന്ന ഗോസ്റ്റിഷ് ക്രാബ്സിനെ (ഞണ്ട്) അവരുടെ വഴക്കുകളെ കാണാനും ജീവിതത്തിന്റെ നൈമിഷികത അറിയാതെ പരസ്പരം കോർക്കുന്ന അവരുടെ താളപ്പിഴകൾ മനസ്സിലാക്കാനും എല്ലാവർക്കുമായി പുഞ്ചിരിക്കുന്ന പാരിജാതത്തിന്റെ സൗരഭ്യം നുകരാനും ജോൺസി ആരെയൊക്കെയോ പഠിപ്പിച്ചു. പഠിച്ചവർ ഇനിയുമേറെ പഠിച്ചില്ലെന്നുതോന്നുന്നു. അഹങ്കാരത്തിന്റെ പടുക്കളായി ജീവിതനാട്യങ്ങളിൽപ്പെട്ട് ഉഴലുന്നവർക്ക് ജോൺസിയെ ഉൾക്കൊള്ളാൻ ഏറെ പ്രയാസമാണ്. ജോൺസിയെ തിരയുന്നവർ അദ്ദേഹത്തെ കണ്ടെത്തുന്നത് വേലിപ്പടർപ്പുകളിലെ പുഷ്പങ്ങളിലൂടെയാണ്. അതായിരുന്നു ജോൺസി. വീടിന്റെ അകത്തളങ്ങളിൽ പല്ലി ചിലയ്ക്കുമ്പോഴും ചെറുപ്രാണികളെ പിന്തുടരുമ്പോഴും അവ ഉണർത്തുന്ന സൂക്ഷ്മത അദ്ദേഹം അറിഞ്ഞിരുന്നു. തന്റെ ഇരയെ പിന്തുടരുമ്പോഴും വലിയ അലട്ടില്ലാതെ അകത്താക്കുമ്പോഴും തനിക്കാവശ്യമുള്ളത് മാത്രം എടുത്തുകൊണ്ട് നാളേയ്ക്ക് കരുതിവയ്ക്കാത്ത ജന്തുജാലങ്ങളുടെ മനോധർമ്മം ജോൺസി മനസ്സിലാക്കിയിരുന്നു. ഓരോരുത്തരും അവനവന് ആവശ്യമുള്ളതുമാത്രം എടുത്ത് ഉപയോഗിച്ചാൽ മതിയെന്ന് ശഠിച്ച

*(ശേഷം പേജ് 26-ൽ)*

**ഒരു ജോഡി വസ്ത്രത്തിനപ്പുറം സ്വന്തമായി കരുതാത്ത ജോൺസി ഒരു വാടകക്കാരനായി തിരിച്ചുപോയി. ഭൂമിയിലെ വാടക്കാരായ നാം നമ്മെ നയിക്കുന്ന മഹാപണ്ഡിതരും പുരോഹിതരും മനസ്സിലാക്കാത്ത ഈ തത്വം ജോൺസി സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയായിരുന്നു.**



കാനും ആക് എന്ന മാസിക തുടങ്ങാനും ഇടയാക്കിയത് ഈ സ്വഭാവം കൊണ്ടുതന്നെ. വിയോജിപ്പുകളെ തുടർന്ന് ആകുവും ഉപേക്ഷിച്ച് ആരംഭിച്ചതാണ്. പ്രതിഷ്ടിക്കാനും കൂട്ടായ്മയും പ്രസാദവും അംഗീകാരങ്ങളോ മറ്റ് തരത്തിലുള്ള ഒരു പ്രലോഭനവും മാഷെ ഒരുവിധത്തിലും സ്പർശിച്ചേയില്ല.

അവസാനകാലത്ത് ശയ്യാവലംബനായിരിക്കെ തന്റെ ശരീരത്തിൽ അവസാനത്തെ ചൊടി നിലനിൽക്കുംവരെ തന്റെ ദർശനങ്ങളിൽ ഉറച്ചുനിൽക്കുകയും പ്രകൃതിയെ അറിയാനുമുള്ള സപര്യയാൽ മുഴുകുകയും ചെയ്ത മാഷ്.

ക്രിസ്തുവും ഭാരതീയദർശനങ്ങളും മാഷെ ഏറ്റവും ആഴത്തിൽ സ്വാധീനിച്ചിരുന്നു. ക്രിസ്തുവിന്റെ നീതിബോധവും ത്യാഗമനോഭാവവും സാമ്രാജ്യത്വത്തെ വെല്ലുവിളിച്ച വിപ്ലവബോധവും മാഷ് ചെറുപ്പത്തിലേ ഉൾക്കൊണ്ടിരുന്നു. ക്രിസ്ത്യാനിറ്റിയെ ഇത്ര ആഴത്തിൽ പഠിച്ച് ഉൾക്കൊണ്ടവർ വേറെ ഉണ്ടാകും എന്ന് തോന്നുന്നില്ല. ബൈബിളിന്റെ ലോകത്തുള്ള ഏതു ഭാഷ്യവും മാഷ് പഠിച്ചിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം. "ക്രിസ്തു പറഞ്ഞതൊന്നും ചെയ്യാത്തവരുടെ കൂടെ എനിക്ക് കട്ടില്ല" - ഇതായിരുന്നു നിലവിലുള്ള ക്രിസ്തുമതത്തിൽനിന്ന് മാറിനിൽക്കാൻ മാഷെ പ്രേരിപ്പിച്ച വികാരം. ഒപ്പം ഭാരതീയ സംസ്കാരത്തിലെ മൂല്യങ്ങളോടും ദർശനങ്ങളോടുമുള്ള മാഷുടെ അഭിമുഖ്യവും. മാഷെ ഒരു കാലത്ത് ഏറെ തെറ്റിദ്ധരിക്കാൻ ഇടയാക്കി അദ്ദേഹത്തിന്റെ മതംമാറ്റം.

ഒരു വെളിച്ചംമായിരുന്നു മാഷ്. ആ വെളിച്ചത്തിന്റെ നുറുങ്ങുകളെങ്കിലും ഉൾക്കൊണ്ട ഒരു തലമുറ ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലുമായി ജീവിക്കുന്നു. അവർക്കാർക്കും പ്രൊഫ. ജോൺസിജേക്കബ്ബ് ആകാൻ കഴിയില്ലെങ്കിലും മാഷിൽ നിന്ന് അവർ ആത്മാവിൽ കൊളുത്തിയ വെളിച്ചം ഏത് ഇരുളിലും അവർക്ക് വഴികാട്ടിയായി ഉണ്ടാകും. സംഘടിതപ്രസ്ഥാനങ്ങളേക്കാൾ ശക്തമാണിതെന്ന് ഞാൻ കരുതുന്നു. തങ്ങളുടെതായ കർമ്മമണ്ഡലങ്ങളിൽ മാഷ് അവർക്കൊപ്പം കൂട്ടുണ്ടാകും എന്ന് എനിക്ക് ഉറപ്പുണ്ട്. കൂട്ടുകാരനും ഗുരുവും, വഴിക്കാട്ടിയും, ഒരു വികാരവുമായി...

---

(പേജ് 24-ൽനിന്നും തുടർച്ച)

ജോൺസി അതിലേറെ എടുക്കുന്നത് ആപത്ത് വരുത്തുമെന്ന് കരുതിയ ജോൺസി തന്റെ ആവശ്യങ്ങളെ ആവുന്നത്ര ലഘൂകരിക്കാൻ ശ്രമിച്ചു. ഒരു ജോഡി വസ്ത്രത്തിനപ്പുറം സ്വന്തമായി കരുതാത്ത ജോൺസി ഒരു വാടകക്കാരനായി തിരിച്ചുപോയി. ഭൂമിയിലെ വാടക്കാരായ നാം നമ്മെ നയിക്കുന്ന മഹാപണ്ഡിതരും പുരോഹിതരും മനസ്സിലാക്കാത്ത ഈ തത്വം ജോൺസി സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയായിരുന്നു. തന്റെ ശാരീരിക വിഷമതകൾ മറന്ന് നിരന്തരം സഞ്ചരിച്ചിരുന്ന ഈ ആത്മീയ ഗുരുവിന് ഒരു നിമിഷവും വിശ്രമമുണ്ടായിരുന്നില്ല.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കണ്ടെത്തിയ ജോൺസിയുടെ ക്ലാസ്സ് മുറികൾ വിശാലമായിരുന്നു. നാല് ചുമരുകൾക്കിടയിൽ ഒടുങ്ങാത്ത വിദ്യാഭ്യാസം ജന്തുശാസ്ത്രത്തിന്റെ നൂതനപാഠങ്ങൾ അനുഭവിച്ചറിയാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകി. അദ്ദേഹം വിദ്യാർത്ഥികളുടെ ഗുരുവും, രക്ഷിതാവും, അങ്കിളും, അപ്പൂപ്പനുമെല്ലാമായിരുന്നു. വിദ്യാർത്ഥികളുടെ സ്വകാര്യ ദുഃഖങ്ങളിൽപോലും പങ്കാളിയായ ജോൺസി അവർക്ക് സ്വാന്തനമേകാൻ മടിച്ചില്ല. ആടമ്പര കാറുകളിലും രമ്യഹർമ്മങ്ങളിലും ജീവിക്കുന്ന യു.ജി.സി.ക്കാർക്കിടയിൽ ജീവിച്ച ജോൺസി ഒരു ചോദ്യചിഹ്നമായിരുന്നു. ചിലരുടെയെങ്കിലും കണ്ണിലെ കരടായിരുന്നു. താൻ തുടങ്ങിവെച്ച കർമ്മപദ്ധതികൾ ചിലർ പലതും പാതിവഴിയിൽ അവർ ഉപേക്ഷിച്ചപ്പോൾ അദ്ദേഹം ക്ഷുഭിതനായി കേരളത്തിൽ അങ്ങോളമിങ്ങോളം അദ്ദേഹം വാരിവിതറിയ വിത്തുകൾ ഇനിയും മുളപൊട്ടാത്തതുകൊണ്ട് അദ്ദേഹം ദുഃഖിച്ചു. മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ പ്രൊഫസർ ജോഷയിൽനിന്നും മറ്റ് ഗുരുക്കന്മാരിൽനിന്നും ലഭിച്ച ആശയങ്ങൾ അദ്ദേഹം സ്വന്തമായി പരിപക്വപ്പെടുത്തി ഒരു ദർശനമായി അവതരിപ്പിക്കാൻ ജോൺസി കിണഞ്ഞ് പരിശ്രമിച്ചു. എഴുപതുകളിൽ അദ്ദേഹം തുടങ്ങിവെച്ച ബയോളജിക്കൽ ക്ലബ്ബുകൾ കേരളവും വിട്ടു തെന്നിന്ത്യ മുഴുവൻ വ്യാപിച്ചപ്പോൾ അദ്ദേഹം ഏറെ പ്രതീക്ഷിച്ചിരിക്കാം. പക്ഷെ, പുതിയ തലമുറയിൽവന്ന മാറ്റങ്ങൾ ദർശിച്ച ജോൺസിയുടെ പിന്മുഖക്കാരായ അധ്യാപകർ തവളകളേയും ചിത്രശലഭങ്ങളേയും നിർദ്ദാക്ഷിണ്യം ഡിസെക്ഷനുവേണ്ടി കീറിമുറിക്കുമ്പോൾ, ഒരു പക്ഷിയുടെ കൂട് ഇളക്കുന്നതുപോലും ഏറെ വെറുപ്പോടെ കണ്ട ജോഷയെ അദ്ദേഹം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. പക്ഷെ മനുഷ്യത്വം നഷ്ടപ്പെട്ട ലോകത്ത് ഇനിയും ജോൺസിമാർ ഉണ്ടായിക്കൂടാ. തന്റെ അന്ത്യം മുൻകൂട്ടി ദർശിക്കാൻ കഴിഞ്ഞ ഈ കർമ്മയോഗി തന്റെ ജോലികളെല്ലാം തീർത്തുവെച്ച തന്റെ ഉറ്റമിത്രമായ ഡാനിയൽകീന്നിന് തന്റേതായ ഒരു സന്ദേശവും തയ്യാറാക്കിവച്ചാണ് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞത്.

തന്റെ ജീവിതത്തിൽ തനിക്കേറെ വേദന പകർന്നുതന്ന സഹജീവികളോട് ഒട്ടും വെറുപ്പില്ലാതെയും ആരേയും വേദനിപ്പിക്കാതെയും അദ്ദേഹം കടന്നുപോയി. റീത്തുകളോ സംസ്കാരചടങ്ങുകളോ വേണ്ടെന്നുകരുതിയ ജോൺസി അനുശോചനയോഗങ്ങളെപ്പോലും ഏറെ വെറുത്തിരുന്നു. തന്റെ ജീവിതമാണ് തന്റെ സന്ദേശമെന്നുപറഞ്ഞ ഗാന്ധിജിയെപ്പോലും ഒരുപടി കടന്ന് ജീവിതത്തിന്റെ ഓരോ നിമിഷവും മറ്റുള്ളവർക്കായി ജീവിച്ചുതീർത്ത ഈ കർമ്മയോഗിക്ക് പ്രണാമങ്ങളർപ്പിക്കുന്നു.

*വിരുത്തിപറമ്പിൽ ഹൗസ്,*
*എടതിരിഞ്ഞി - 680 122*